# സഹസ്രാബ്ദമഹിമ.

---

## ഡോക്ടർ സി. ഐ. സ്കോഫീൽഡ് * ചെയ്യ
## സാരഗംഭീരമായ ഒരു പ്രസംഗം.

ഇന്നു രാത്രി തിരുവെഴുത്തുകളിൽനിന്നു സഹസ്രാബ്ദവിഷ
മായ ഒരു പ്രസംഗരചനയ്ക്കു നമുക്കു ശ്രമിക്കാം. സഹസ്രാബ്ദം
ന്നതിന് ആയിരം ആണ്ട് എന്നർത്ഥമാണ്. വെളിപ്പാട് 20-ാം അ
ദ്ധ്യായത്തിൽ കാണുന്ന ആവർത്തിച്ചുള്ള കാലപരിമാണത്തിൽ
ന്നത്രേ ഈ പദം ഉൽഭൂതമായതു്.

അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ
ങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നതു ഞാൻ
ണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസ

---

* കഴിഞ്ഞ വർഷത്തിൽ കഥാവശേഷനായ ഈ മഹാപ്രാസംഗിക
ക്കുറിച്ച് അറിയണമെന്നാഗ്രഹമുള്ളവർ ആത്മബോധിനി 1-ാം വാല്യം 7-
ലക്കം 147-ാം പുറം വായിച്ചുനോക്കട്ടെ.

യെ പിടിച്ച് ആയിരമാണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അന്ധകാരത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു. ഞാൻ ന്യായാസനങ്ങളെ കണ്ടു. അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെററിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ച് ആയിരം ആണ്ടു ക്രിസ്തുവിനോടുകൂടി വാണു. ശേഷമുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം.

ഈ വാക്യങ്ങളിൽ നാലു പ്രാവശ്യം ആയിരം ആണ്ട് എന്നു വരുന്നുണ്ട്. ഇതു മശിഹായുടെ വാഴ്ചയിൻകീഴ് ഈ ഭൂമിക്കുണ്ടാകാൻ പോകുന്ന അനുഗ്രഹീതമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് പഴയനിയമപ്രവാചകന്മാർ പറഞ്ഞിട്ടുള്ള വചനങ്ങളോടൊത്തിരിക്കുന്നു.

രാജ്യം എന്നുള്ള പ്രാചീനമായ വൈദികശബ്ദത്തിനു പകരം 'മില്ലനിയം' എന്ന പദമത്രെ സാധാരണ നടപ്പായിരിക്കുന്നത്. പഴയനിയമപ്രവാചകന്മാർ പ്രവചിച്ചിട്ടുള്ള സ്വർഗ്ഗീയരാജ്യത്തിന്റെ ഈ വെളിപ്പാടുകാലത്തെ വാഴ്ചകാലം എന്നു മാത്രം പറഞ്ഞിരുന്നെങ്കിൽ പ്രസ്തുതകാലയളവിനെ സംബന്ധിച്ച് ജനങ്ങളുടെ മനസ്സിൽ ഉണ്ടായിട്ടുള്ള സംഖ്യാതിശമായ തെററിദ്ധാരണകൾ ഉത്ഭവിക്കുന്നതിന് ഇടയില്ലായിരുന്നു. നമ്മിൽ അധികംപേരും, നിന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുമ്പോൾ മനസ്സിൽ സ്മരിക്കുന്നത്, ഇനിയും കുറേക്കൂടി ആളുകൾ മനസ്സുതിരിയണമെ എന്നാണ്. അതിനാൽ അർത്ഥപ്പെടുത്തുന്നതു ലോകത്തിലുള്ള സകലമാനപേരും സഭയുടെ അംഗങ്ങളായിത്തീരുന്ന കാലം വരുത്തണമെ എന്നു തന്നെ. എന്നാൽ ഇങ്ങനെയൊരു കാലം ഉള്ളതായി വേദവാക്യം നമ്മോടു പറയുന്നില്ല. ലോകം മുഴുവൻ ഈ യുഗത്തിൽ മനസ്സുതിരിഞ്ഞു വരുമെന്നു തിരുവെഴുത്ത് ഉപദേശിക്കുന്നില്ല. എല്ലാ നിരൂപണങ്ങളും ആശയങ്ങളും നിശ്ശേഷം ദൈവത്തിനു കീഴടങ്ങുന്നതു രാജ്യവാഴ്ചയിലത്രേ. നിന്റെ രാജ്യം വരണമെ എന്നു പ്രാർത്ഥിപ്പാൻ നമ്മുടെ കർത്താവു നമ്മോടു പറഞ്ഞപ്പോൾ തന്റെ ആശയം അതായിരുന്നു. ഭൂമി മുഴുവനും യഹോവയുടെ അറിവുകൊണ്ടു നിറഞ്ഞിരിക്കുമെന്നു പഴയനിയമപ്രവാചകന്മാർ പറഞ്ഞിട്ടുള്ളതും ഈ കാലയളവിനെ ഉദ്ദേശിച്ചത്രെ.

സ്നേഹിതരേ! തിരുവെഴുത്തുകൾ സഭയെയും രാജ്യത്തെയും അന്യോന്യം വ്യത്യാസപ്പെടുത്തിയാണ് പറയുന്നത് എന്നുള്ളതു സ്മരണീയമാണ്. ചില വേദശബ്ദങ്ങളുടെ പരിശോധനയാൽ

നിങ്ങൾക്കുതന്നെ ബോദ്ധ്യപ്പെടുന്ന ഏതാനും തെളിവുകൾ ഇതിനു ഞാൻ പറയട്ടെ.

ഒന്നാമതു, ദൈവത്തിന്റെ രാജ്യമെന്നു സ്പഷ്ടമെ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഭാഷ നോക്കുക. ദൈവം ഭരിക്കുന്ന ഏതും "ദൈവരാജ്യ"ത്തിലുൾപ്പെടുന്നു. ഏതു ലോകത്തിലോ ഏതു ഗോളത്തിലോ ഉള്ള ഏതു സൃഷ്ടിയും ദൈവഭരണത്തിൽ പെട്ടതായാൽ അതു ദൈവരാജ്യത്തിനു വിധേയംതന്നെ. എത്രയും ദൂരതരമായ ഒരു നക്ഷത്രഗോളത്തിൽ വിശേഷബുദ്ധിയുള്ള പ്രാണികൾ ജീവിച്ചിരിക്കുകയും അവർ ദൈവഭരണത്തിനും ദൈവഹിതത്തിനും കീഴ്പ്പെട്ടിരിക്കുകയും ചെയ്താൽ അവിടെ ദൈവരാജ്യം സ്ഥാപിതമായിരിക്കുന്നുവെന്നോ അഥവാ ദൈവരാജ്യം അവിടെയുണ്ടെന്നോ പറയാവുന്നതാണ്.

രണ്ടാമതു്, ഇതുപോലെതന്നെ തിരുവെഴുത്തുകളിൽ സ്വർഗ്ഗരാജ്യം എന്നൊരു വാക്കും നാം കാണുന്നുണ്ടു്. ദൈവരാജ്യമെന്നുള്ളതിനേക്കാൾ ഇതു് അർത്ഥച്ചുരുക്കമുള്ള ഒരു പദമാകുന്നു. ഇതു സഹസ്രാബ്ദമെന്നു നാം വിളിക്കുന്ന കാലയളവിനെക്കുറിക്കുന്നു. ദൈവരാജ്യമെന്നുള്ളതു വിസ്തൃതാർത്ഥകവും ദൈവം ഭരിക്കുന്ന സർവ്വഗോളങ്ങളേയും സംബന്ധിക്കുന്നതുമത്രേ. സ്വർഗ്ഗരാജ്യമെന്നതോ ക്രിസ്തുമുഖാന്തരം ഭൂമിമേൽ ദൈവത്തിന്റെ നീതിയുള്ള വാഴ്ചയുടെ സ്ഥാപനമത്രേ. അതു ഭൂമിക്കു മാത്രമാണ്. ഭൂമിയാണ് അതിന്റെ ഗോളം. ഈ യുഗത്തിലും കഴിഞ്ഞ യുഗങ്ങളിലുംപെട്ട തേജഃപീകൃതരായ വിശുദ്ധന്മാർ ഇതിൽ ഭാഗഭാക്കുകളാകുന്നു.

മൂന്നാമതു, സഭ; രക്ഷിക്കപ്പെട്ടവരെക്കൊണ്ടു രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളതത്രേ. ഇതു കർത്താവിന്റെ ഒന്നും രണ്ടും വരവുകൾക്കിടയിൽ ജാതികളിൽനിന്നു കൂട്ടിച്ചേർക്കപ്പെടുന്നു. പെന്തിക്കോസ്തിനും വാനമദ്ധ്യത്തിലുള്ള കർത്തൃസാന്നിദ്ധ്യത്തിനും മദ്ധ്യേ അത്രേ സഭ ശേഖരിക്കപ്പെടുന്നതു്.

സഭ പഴയനിയമഎഴുത്തുകാർക്കു മറഞ്ഞിരുന്ന ഒരു മർമ്മമായിരുന്നു എന്നു് അപ്പോസ്തലനായ പൌൽ പറയുന്നു. എഫേ: 3: 5. പൌലൂസിനത്രേ ആ മർമ്മത്തിന്റെ വെളിപ്പാടു കൊടുത്തതു്. സഭ ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയുമാണെന്നു് അവൻ നമ്മോടു പറഞ്ഞിരിക്കുന്നു. അതിൽപ്പെട്ട വിശുദ്ധന്മാർ രാജാക്കന്മാരും പുരോഹിതന്മാരുമത്രേ. അവനോടുകൂടി ഭൂമിമേൽ വാഴുക എന്നുള്ള അസാധാരണ പദവി അവർക്കായി വയ്ക്കപ്പെട്ടിരിക്കുന്നു.

നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി. ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരുമാക്കിവെച്ചു. അവർ ഭൂമിയിൽ വാഴുന്നു. —വെളി: 5: 9, 10.

വിശുദ്ധന്മാരുടെ വാഴ്ചയ്ക്കു് അതിരിട്ടിരിക്കുന്നതു കാണുക. സ്വർഗ്ഗത്തിലല്ല നാം വാഴുന്നതു്. ദൈവത്തിന്റെ രാജ്യം എന്നു വിളിക്കപ്പെടുന്ന വിസ്തൃതഗോളത്തിലും നാം വാഴുന്നില്ല. പിന്നെയോ ഭൂമിമേലത്രെ നമ്മുടെ വാഴ്ച.

വയോധികനായവൻ വന്നു് അത്യുന്നതനായവന്റെ വിശുദ്ധന്മാർക്കു ന്യായാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ഞാൻ നോക്കിക്കൊണ്ടിരുന്നു.—ദാനി: 7: 21.

ഈ വിഷയത്തെക്കുറിച്ചു ഞാൻ കുറെ അധികം പറഞ്ഞുപോകുന്നതായാൽ അതിന്നു ക്ഷമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കാരണം വേദവാക്യങ്ങളുടെ തെളിവായ അറിവിന്നു കുറെ ദീർഘത ഒഴിച്ചുകൂടാത്തതാണ്. ദൈവരാജ്യം എന്നുള്ളതു വിസ്തൃതമായ ഒരു ഉപാധിയത്രേ. സ്വർഗ്ഗരാജ്യം ഭൂമിമേലുള്ള ക്രിസ്തുവിന്റെ ആയിരമാണ്ടുവാഴ്ചയിൽ പൂർണ്ണമായി വെളിപ്പെടുന്നതും സഭ സ്വർഗ്ഗരാജ്യത്തിന്റെ സ്ഥാപനകാലത്തു ക്രിസ്തുവിനോടുകൂടി വാഴേണ്ടതിന്നു മഹാപീഡനത്തിന്നു മുൻപായി കർത്താവിന്റെ വരവിൽ ആകാശത്തിൽ എടുക്കപ്പെടുന്നതുമാകുന്നു.

സ്വർഗ്ഗരാജ്യം ദൈവരാജ്യത്തിൽ പെട്ടതാണ്. എന്നാൽ ദൈവരാജ്യം സ്വർഗ്ഗരാജ്യത്തിൽ പെട്ടതോ സ്വർഗ്ഗരാജ്യമോ അല്ല. ദൃഷ്ടാന്തമായി ററക്സാസ് ഐക്യനാടുകളിൽപെട്ട ഒരു സംസ്ഥാനമാണെങ്കിലും അതു് ഐക്യനാടല്ല. ററക്സാസിന്നും ഐക്യനാടിന്നും ഒരു പ്രസിഡെണ്ടും ഒരു ലോയും ഒരു ഭാഷയുമായിരിക്കാം. എന്നാൽ ററക്സാസും ഐക്യനാടും വിഭിന്നങ്ങളായ രണ്ടു നിർദ്ദേശങ്ങളാണ്; പര്യായപദങ്ങളല്ല.

ഇതുപോലെ സഭ ദൈവരാജ്യത്തിൽ പെട്ടതാണെങ്കിലും ദൈവരാജ്യമല്ല. കുറെക്കാലത്തേക്കു സഭ സ്വർഗ്ഗരാജ്യത്തിൽ ഇരിക്കുമെങ്കിലും അതു സ്വർഗ്ഗരാജ്യമല്ല. സഭ സ്വർഗ്ഗരാജ്യത്തിൽ പെട്ടതും സ്വർഗ്ഗരാജ്യം ദൈവരാജ്യത്തിൽ പെട്ടതുമാകുന്നു. ഗ്രേററുബ്രിട്ടൻ രാജകുടുംബം ഗ്രേററുബ്രിട്ടനിൽ പെട്ടതു് എന്നു പറയാവുന്നതുപോലെ തന്നെ സഭ ആയിരാണ്ടുകാലത്തു സഹസ്രാബ്ദഭൂമിയിൽ യേശുരാജാവിനോടുകൂടി കൂട്ടുവാഴ്ചക്കാരാകുവാൻ പ്രസ്താവകാലത്തു വിളിച്ചുചേർക്കപ്പെട്ട രാജപുരോഹിതസംഘമാകുന്നു. മാത്രമല്ല, ആയിരാണ്ടിന്റെ ശേഷവും അവർ തന്നോടുകൂടെയിരിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഏതാനും ചോദ്യങ്ങൾ ചോദിക്കത്തക്കവണ്ണം നിരൂപിതസംഗതി അത്ര തെളിവിൽ വന്നുവെന്നു ഞാൻ വിശ്വസിക്കുന്നു.

I. സഹസ്രാബ്ദം തുടങ്ങുന്നതു് എപ്പോൾ? ഇതിന്നു മഹാപീഡനം കഴിഞ്ഞശേഷം എന്നത്രേ മറുപടി. അപ്പോൾ യേശു ഈ ഭൂമിയിലേക്കു ശക്തിയോടും തേജസ്സോടും വന്നു സഹസ്രാബ്ദരാജ്യം

സ്ഥാപിക്കുന്നു. ഇതുസംബന്ധമായി ഞാൻ ഒന്നുരണ്ടു വാക്യം വായിച്ചുകൊള്ളട്ടെ.

ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും. അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചുംകൊണ്ടു മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും.—മത്താ: 24: 29, 30.

എപ്പോൾ? എന്ന ചോദ്യത്തിന് ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനേ എന്നത്രെ മറുപടി. മഹോപദ്രവത്തിനു ശേഷമുള്ള ഈ വരവിനും സ്വന്തജനത്തെ വിതാനത്തിൽ ചേർപ്പാനായി അതിനു മുമ്പു നടക്കുന്ന വരവിനും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്കറിവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതു പീഡനത്തിനു മുമ്പും ഇതു പീഡനം കഴിഞ്ഞയുടനെയുമാണ്. ഒന്നു നഭോവീഥിയിലേക്ക് എടുത്തുകൊള്ളപ്പെടുന്നവർക്കു മാത്രം ദൃശ്യമായുള്ളത്. അവരുടെ അസാന്നിദ്ധ്യംകൊണ്ടു മാത്രമേ ഭൂവാസികൾ ഈ സംഭവം ബോധിക്കയുള്ളു. മറേറ വരവു മിന്നൽ കിഴക്കുനിന്നു പടിഞ്ഞാറോളം തിളങ്ങുന്നപ്രകാരം ആയിരിക്കും. എല്ലാഭാഷക്കാരും ജാതിക്കാരും ആ ഭയങ്കരസംഭവം കാണും. കർത്താവുതന്നെ തെളിവായി ഇതു പറഞ്ഞ് ഉറപ്പിച്ചിരിക്കുന്നു.

II. സഹസ്രാബ്ദരാജ്യം സ്ഥാപിക്കുന്നതിലേക്കുള്ള സംഭവങ്ങളുടെ തുടർമാനത്തെക്കുറിച്ച് ഇനി തിരുവെഴുത്തുകളിൽനിന്നു പരിശോധിക്കാം.

ഇതുസംബന്ധിച്ച വേദവാക്യങ്ങളിൽനിന്നു കിട്ടുന്ന തെളിവുകൾ മാത്രമേ ഞാൻ എടുക്കുന്നുള്ളു. മനുഷ്യാഭിപ്രായങ്ങളല്ല; ദൈവത്തിന്റെ വാക്കു കേൾക്കുന്നതിനായിട്ടാണ് നിങ്ങൾ ഇവിടെ വന്നുകൂടിയിരിക്കുന്നത്. അതിനാൽ സഹസ്രാബ്ദത്തിന്റെ പ്രവേശനം എങ്ങനെയായിരിക്കുമെന്നു വേദവാക്യങ്ങളിൽനിന്നു നമുക്കു നോക്കാം.

അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി. അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടു വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ, എഴുതീട്ടുള്ള ഒരു നാമവും അവനുണ്ട്. അതു് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ചുള്ള ഉടുപ്പു ധരിച്ചിരിക്കുന്നു. അവനു ദൈവവചനം എന്നു പേർ പറയുന്നു.—വെളി: 19: 11-13.

ഈ ആൾ ആരാണ്?

യോഹന്നാന്റെ സുവിശേഷം ആദ്യ അദ്ധ്യായത്തിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ വചനം എന്നു വിളിച്ചിരിക്കുന്നു.

വചനം ജഡമായി ഭവിച്ചു നമ്മുടെയിടയിൽ പാൎത്തു. നാം അവ
ന്റെ മഹിമ കണ്ടു.

യേശു ഇപ്പോൾ എവിടെ? സ്വൎഗ്ഗത്തിൽ, പിതാവിന്റെ വ
ലത്തുഭാഗത്തു തന്നെ. വെളിപാടിൽനിന്നു നാം വായിച്ച പൂൎവ്വോക്ത
വാക്യങ്ങളിൽ സ്വൎഗ്ഗം തുറന്നിരിക്കുന്നതായും യേശുക്രിസ്തുവാകുന്ന
ദൈവവചനം ഇറങ്ങിവരുന്നതായും കാണുന്നു. എന്നാൽ ഇപ്പോ
ൾ വരുന്നതു മുൻപേ വന്നതുപോലെ ബേത്ലഹേമിലെ ശിശു
വായിട്ടോ കാൽവറിയിലെ കുററപ്പുള്ളിയായിട്ടോ അല്ല; യുദ്ധത്തി
നുള്ള ആയുധങ്ങൾ ധരിച്ചവനായും ഉടുപ്പു രക്തത്തിൽ മുക്കിയവ
നായുമത്രേ.

പ്രവാചകൻ പിന്നീടു കൎത്താവായ യേശു സേനാസമേതനാ
യി ഭൂമിയിൽ വരുന്നതിനെ വിവരിക്കുന്നു. അതു ദാനിയേലിന്റെ
എഴുപതാമത്തെ വാരവും അന്തിക്രിസ്തുവിന്റെ അഴ്ചവട്ടവും മഹാ
പീഡനകാലവും അവസാനിക്കുമ്പോൾ അത്രേ. യരുശലേമിലുള്ള
യഹൂദന്മാരുടെ ശേഷിപ്പിനെതിരായി മൃഗത്തിന്റെയും കള്ളപ്ര
വാചകന്റെയും സൈന്യങ്ങൾ ഒന്നിച്ചുകൂടുന്നു.

ഇതു ജാതികളുടെ ഇടയിൽ വിളിച്ചുപറവിൻ. വിശുദ്ധയുദ്ധത്തിന്നൊരു
ങ്ങിക്കൊൾവിൻ. വീരന്മാരെ ഉദ്യോഗിപ്പിപ്പിൻ. സകലയോദ്ധാക്കളും അ
ടുത്തുവന്നു പുറപ്പെടട്ടെ. നിങ്ങളുടെ കൊഴുക്കളെ വാളുകളായും വാക്കത്തിക
ളെ കുന്തങ്ങളായും അടിപ്പിൻ ദുർബലൻ താനതാൻ വീരനായി മതിക്കട്ടെ.
ചുററുമുള്ള സകല ജാതികളുമായുള്ളോരെ ബദ്ധപ്പെട്ടു വന്നു കൂടുവിൻ. യ
ഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ. ജാതിക
ൾ ഉണൎന്നു യഹോശാഫാത്തുതാഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാ
ൻ ചുററുമുള്ള സകല ജാതികളേയും ന്യായംവിധിക്കേണ്ടതിന്നു ഇരിക്കും.
—(യോവേ: 3: 9–12.)

ഞാൻ സകലജാതികളേയും യരുശലേമിനോടു യുദ്ധത്തിനായി കൂട്ടി
വരുത്തും.—(സഖരി: 14: 2)

കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധംചെ
യ്യാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂ
ടിയതു ഞാൻ കണ്ടു.

ഈ ദുൎഘടഘട്ടത്തിൽ തന്നെ കൎത്താവു മഹത്വത്തിൽ പ്ര
ത്യക്ഷനായി പീഡിതന്മാരായ തന്റെ യഹൂദവിശുദ്ധന്മാരെ വി
ടുവിക്കുന്നു.

വയോധികനായവൻ വന്നു അത്യുന്നതനായവന്റെ വിശുദ്ധന്മാൎക്കു
രാജാധിപത്യം നൽകുകയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം
വരികയും ചെയ്യുവോളം ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധംചെയ്തു അവ
രെ ജയിക്കുന്നതു ഞാൻ കണ്ടു — (ദാനി: 7: 21, 22)

എന്നാൽ യഹോവ പുറപ്പെട്ടു താൻ യുദ്ധദിവസത്തിൽ പൊരുതതുപോ
ലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ പാദങ്ങൾ യരുശ
ലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും. ഒലിവുമല കിഴക്കുപടി

ഞ്ഞാറായി നടുവെ പിളൎന്നുപോകും. ഏററവും വലുതായോരു താഴ്‌വരയുളവായ്‌വരും. മലയുടെ ഒരു പാതി വടക്കോട്ടും മറേറപ്പാതി തെക്കോട്ടും വാങ്ങിപ്പോകും. യഹോവ സൎവ്വഭൂമിക്കും രാജാവാകും.—(സഖറി: 14: 3, 4, 9)

മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്രയേല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനേയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു.—(വെളി: 19: 20)

അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വൎഗ്ഗത്തിൽനിന്നു് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസൎപ്പത്തെ പിടിച്ചു് ആയിരം ആണ്ടേക്കു ചങ്ങലയിട്ടു.—(വെളി: 20: 1, 2)

ഈ വാക്യങ്ങളുടെ അന്യോന്യസംബന്ധം നോക്കുക. പത്മോസ്ദ്വീപിൽവച്ചുണ്ടായ യോഹന്നാന്റെ ദൎശനത്തിൽ സ്വൎഗ്ഗം തുറന്നിരിക്കുന്നതും നമ്മുടെ കൎത്താവു തന്റെ ശക്തിയുള്ള ദൂതന്മാരുമായി ഭൂമിയിലേക്കു് ഇറങ്ങുന്നതും നാം കണ്ടു. അവൻ വന്നതു ഭൂമിയിലെ ഒരു ദുൎഘടസന്ധിയിലാണ്. പീഡനകാലത്തു തങ്കലേക്കു തിരിഞ്ഞിട്ടുള്ള വിശുദ്ധന്മാർ കഷ്ടതയുടെ ആത്യന്തികതയിൽ ഇരിക്കുമ്പോൾ അത്രേ അവൻ വരുന്നതു്. അവൻ വന്നു് അവരെ വിടുവിക്കയും തുംഗതരമായ ആ അന്ത്യപോരാട്ടത്തിൽ അവനു ജയം ലഭിക്കയും ചെയ്യുന്നു.

വീരരസപ്രധാനമായ ഈ നാടകത്തിന്റെ അടുത്ത അങ്കം ചിതറിയിരിക്കുന്ന ഇസ്രായേൽമക്കളെ പുനഃശേഖരിക്കുകയാകുന്നു. പീഡനത്തിൽ കൂടി കടക്കുന്ന ഒരു ശേഷിപ്പു ദേശത്തു സ്ഥിതി ചെയ്യുന്നു. എന്നാൽ ജാതി പൊതുവെ തിരിച്ചുവരേണ്ടതാണല്ലൊ. ഇതിന്റെ പിന്നാലെ ഉണ്ടാകുന്ന അധിരാജ്യോദയത്തെക്കുറിച്ചു തിരുവെഴുത്തു പറയുന്നതെന്തെന്നു നാം സൂക്ഷിക്കുക.

ഞാൻ ദാവീദിനു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും. അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവൎത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും.—(യറമി: 23: 5)

സ്വൎഗ്ഗത്തിലല്ല ഈ സംഭവം നടക്കുന്നതു്. ഇതു ദൈവത്തിന്റെ സ്വൎഗ്ഗീയവാഴ്ചയെക്കുറിച്ചുള്ള ഒരു വേദോക്തവുമല്ല. തന്റെ സിംഹാസനം സ്വൎഗ്ഗങ്ങളിൽ തന്നെ. അതൊരിക്കലും ഇളകീട്ടില്ല; ഇളകാവുന്നതുമല്ല. എന്നാൽ ദാവീദിന്റെ മകനായ ഒരു മഹാൻ ഇവിടെ വാഴുകയും ഭൂമിയിൽ ന്യായവും നീതിയും നടത്തുകയും ചെയ്യുമെന്നു വാഗ്ദത്തമുള്ളതായി കാണുന്നു. ഞാൻ ചോദിക്കട്ടെ: തന്റെ ഒന്നാം വരവിൽ താൻ ഇങ്ങനെ ചെയ്തിട്ടുണ്ടോ? തന്റെ തല ചായ്പാൻ സ്ഥലമില്ലാതിരുന്നവനും ആകാശത്തിലെ പറവകളും കുഴിയിലെ കുറുനരികളും തന്നെക്കാൾ സുഖജീവിതം ചെയ്യത്തക്ക നിലയിൽ ഇരുന്നവനുമായി ബലഹീനതയിൽ ക്രൂശിക്ക

പ്പെട്ട ആ പുരുഷനെക്കുറിച്ച് അവൻ ഐശ്വര്യപരിപൂർണ്ണമായ ഒരു വാഴ്ച നടത്തിയതായി പറയാമോ? ഈ വാഗ്ദാനം അന്നു നിറവേറിട്ടുണ്ടോ? ഈ പ്രവചനം നിവൃത്തിക്കണമെങ്കിൽ ദാവീദിന്റെ പുത്രൻ നിശ്ചയമായി ഈ ഭൂമിയിലേക്കു വരണമെന്നുള്ളതു നിങ്ങൾക്കു സ്പഷ്ടദൃഷ്ടമല്ലയോ?

III. മത്തായി 25-ൽ 31 മുതൽ 34 വരെയുള്ള വാക്യങ്ങളിൽ ഇതിനൊത്തുള്ള സംഭവം കാണുന്നു.

മനുഷ്യപുത്രൻ തന്റെ തേജസ്സോടും സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും. രാജാവു തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.

സഹസ്രാബ്ദകാലത്തുള്ള ജാതികളായ കുടികളുടെ വർദ്ധനയ്ക്കുള്ള ബീജം ഈ വലഭാഗക്കാരാണ്. ഇതരന്മാർ നിത്യശിക്ഷയിലേക്കു പോകുന്നു. ഈ ഘട്ടത്തിൽ ന്യായവിധിക്കുള്ള പ്രമാണം അടുത്തവസാനിച്ച പീഡനത്തിനിടയ്ക്കു വിശ്വാസികളായിത്തീർന്ന യഹൂദശേഷിപ്പായ തന്റെ സഹോദരന്മാരുടെ നേരെയുള്ള ജാതികളുടെ പെരുമാററമാകുന്നു.

മത്തായി 25-ൽ കാണുന്ന ന്യായവിധിയേയും വെളിപാട് 20-ൽ കാണുന്ന അന്ത്യന്യായവിധിയേയും കൂട്ടിക്കുഴച്ചു ധരിച്ചിരിക്കുന്ന അനേകരുണ്ട്. ഈ കുഴയ്ക്കലിന് അവകാശമില്ല. ഈ രണ്ടു ന്യായവിധികൾ തമ്മിലുള്ള വ്യത്യാസം നോക്കുക. ആദ്യത്തേതു ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയിൽ ജീവനോടിരിക്കുന്ന ജാതികളുടെ മേൽ. മറേറതോ ഭൂമിയിലുള്ള തന്റെ സഹസ്രവാഴ്ച്യനന്തരം വെള്ളസിംഹാസനത്തിനു മുമ്പാകെ നിൽക്കുന്ന ഉത്ഥിതന്മാരുടെ മേൽ. അന്ത്യന്യായവിധിയിൽ മരിച്ചവർ മാത്രം കാണുന്നു. മത്തായി 25-ലെ ന്യായവിധിയിലോ ജീവനോടിരിക്കുന്നവർ മാത്രം. തങ്ങളുടെ അടുക്കൽ സുവിശേഷം ചെന്നെത്തീട്ടുള്ള ക്രിസ്തീയജാതികളെയാണ് ഈ പ്രവചനം സ്പർശിക്കുന്നതെന്നു ധരിക്കണം.

അവന്റെ കാലത്തു യഹൂദാ രക്ഷിക്കപ്പെടും, ഇസ്രായേൽ നിർഭയമായി വസിക്കും —(യിറമി: 23: 6)

കർത്താവു ഭൂമിയിലായിരുന്നപ്പോൾ ഈ വചനം നിവൃത്തിയായോ? ഇല്ല. നേരെമറിച്ച് ഇസ്രായേൽ അതിനോടടുത്തു നശിക്കയാണുണ്ടായത്. റോമൻസൈന്യങ്ങൾ യരുശലേമിനെ നശിപ്പിക്കയും പകുതി ആളുകളെ കൊല്ലുകയും ശിഷ്ടം പകുതിയെ അ-

ള്ളാക്കി കൊണ്ടുപോകയും ചെയ്തതായി ചരിത്രം പറയുന്ന
സിനാൽ ഉണ്ടായ നാശംപോലെ യാതൊരു നാശവും യ
ിന്റെ ഭൂതകാലചരിത്രത്തിൽ ഉണ്ടായിട്ടില്ല. (തുടരും

# സഹസ്രാബ്ദമഹിമ.

(തുടർച്ച)

## ഡോക്ടർ സി. ഐ. സ്കോഫീൽഡ് ചെയ്യ സാരഗംഭീരമായ ഒരു പ്രസംഗം.

ഇനിയും കേൾക്കുക.

ആകയാൽ ഇസ്രായേൽ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന യ
യാണ് എന്ന് ഇനിയും പറയാതെ ഇസ്രയേൽഗൃഹത്തിന്റെ സന്തതി
ടക്കുദേശത്തുനിന്നും ഞാൻ അവരെ നീക്കിക്കളഞ്ഞിരുന്ന സകലദേ
ൽനിന്നും പുറപ്പെടുവിച്ചു കൊണ്ടുവന്ന യഹോവയാണ് എന്നു പറ
ാലം വരും. അവർ തങ്ങളുടെ സ്വന്തദേശത്തു വസിക്കും എന്നു യ
യുടെ അരുളപ്പാട്. (യറമി: 23: 7, 8.)

ഇതു വേണ്ടുവോളം തെളിവായിരിക്കുന്നില്ലയോ? എപ്പ
ിലും ഈ വചനങ്ങൾ നിവർത്തിച്ചിട്ടുണ്ടോ? ഇല്ല; ഒരിക്കല
ല്ല.

മഹാപീഡനകാലത്തു തങ്ങളുടെ മശിഹയാകുന്ന യേ
ർത്താവിങ്കലേക്കു തിരിയുന്ന യഹൂദന്മാരുടെ ഒരു ശേഷിപ്പു
ത്തനാട്ടിൽ ഉണ്ടായിരിക്കുന്നതാണ്. അവർ തിരികെ വ
ടൻ ചെയ്യുന്ന അത്ഭുതപ്രവൃത്തി അവരുടെ വിടുവിപ്പിന
അനന്തരം ഇസ്രയേലിന്റെ നേരെയുള്ള പെരുമാററത്തെ
ദീകരിച്ച ജാതികളുടെ ന്യായവിധി തുടങ്ങുന്നു.

പ്രിയസ്നേഹിതരേ! ഒരു യഹൂദന്റെ നേരേ അയാ
യി പെരുമാറുന്നതു ഒരു ഗൌരവമുള്ള സംഗതിയായി ഗ

പ്പെട്ടമെന്നു ഞാൻ നിങ്ങളോടു പറയുന്നു. അവരെ വിട്ട് ഒഴിഞ്ഞുകൊൾവിൻ. എബ്രായരിൽവെച്ച് ആദ്യനായ അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ തനിക്കു പശ്ചാത്തപിപ്പാൻ ഇടയില്ലാത്ത ഒരു വാഗ്ദാനം അവനു കൊടുത്തു. "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും" എന്നത്രേ ദൈവം പറഞ്ഞതു്. ചരിത്രത്തിൽ അതു് അക്ഷരാർത്ഥമായി തന്നേ നിവർത്തിച്ചിട്ടുണ്ടെന്നുള്ളതു പിന്നീട് ഒരു വേദാദ്ധ്യയനംകൊണ്ടു ഞാൻ ഗ്രഹിപ്പിക്കാം. ഹൃദയമുള്ള ഓരോ മനുഷ്യനും ഇന്നു റഷ്യയിൽ യഹൂദന്മാരുടെ നേരെ നടക്കുന്ന പീഡകൊണ്ടു കോപവിഷ്ടരായിരിക്കയാണ്. ഭാവിയിലേക്കു നമ്മുടെ ദൃഷ്ടിയെ കുറേക്കൂടി നയിക്കുന്നതായാൽ റഷ്യയുടെ മേൽ വരാൻ പോകുന്ന അനിവാര്യമായ ശാപം നമുക്ക് അചിരേണ കാണ്മാൻ കഴിയും. * യഹൂദൻ പോകുന്നിടത്തെല്ലാം അവനോടു പെരുമാറുന്നതനുസരിച്ച് അനുഗ്രഹവും ശാപവും ജനങ്ങൾക്കു ഭവിക്കുന്നതാണ്. അതെല്ലായ്പോഴും ഓർത്തിരിക്കണം. അതേ, ഈ ചെറിയവരിൽ ഒരുത്തനു ചെയ്തതു് എനിക്കു ചെയ്തു. നോക്കുവിൻ, എത്ര അത്ഭുതകരമായ കൂട്ടിച്ചേർപ്പാണ് യഹൂദന്മാർക്കു ലഭിപ്പാൻ പോകുന്നതു്.

മിസ്രയീമിൽനിന്ന് ഇസ്രയേൽമക്കളെ കൊണ്ടുവന്ന യഹോവ ജീവിക്കുന്നതുപ്രകാരം എന്ന് ഇനിമേൽ പറകയില്ല. മിസ്രയീമിൽനിന്നുള്ളതു് ആശ്ചര്യകരമായ ഒരു വീണ്ടെടുപ്പായിരുന്നു. 80 വയസ്സായ ഒരു ഇടയന് ഒരു യുദ്ധായുധമോ കുറഞ്ഞപക്ഷം ഒരു കുന്തമോ പോലും കൂടാതെ ശക്തിയുള്ള ഒരു രാജാവിന്റെ കീഴിൽ കിടക്കുന്ന അനേകലക്ഷം അടിമകളെ എങ്ങനെ വിടുവിപ്പാൻ കഴിഞ്ഞു. അത്ഭുതം തന്നെ. എന്നാൽ ഇതിലും ആശ്ചര്യകരമായ വിടുതലായിരിക്കും മേൽ നടക്കാൻ പോകുന്നതു്.

ഈ വിടുതലിന്റെ അനന്തരം മരുഭൂമിയിൽ യേശു അവരെ എതിരേൽക്കുകയും അവർ അവനെ ക്രിസ്തുവായി കൈക്കൊള്ളുകയും ചെയ്യുന്നു.

ഇതു സഹസ്രാബ്ദത്തിന്റെ പ്രവേശകമായിരിക്കും. ഇപ്പോൾ ജീവിച്ചിരിക്കുന്ന അനേകകോടി ജനങ്ങൾ സുവിശേഷം കേൾക്കപോലും ചെയ്തിട്ടില്ലാത്തവരാണല്ലോ. അവർക്ക്, അതായതു് ആ കാലത്തു ജീവിച്ചിരിക്കുന്ന അസംഖ്യം അജ്ഞാനികൾക്ക് ഇസ്രയേൽ ഒരു മിഷ്യനറിവർഗ്ഗമായിരിക്കും.

---

* ഈ പ്രസംഗം വളരെ വർഷങ്ങൾക്കു മുൻപ് അമേരിക്കയിലെ ടെക്സസ് സംസ്ഥാനത്തു ഡാലാസ് എന്ന സ്ഥലത്തു പ്രസംഗിച്ചിട്ടുള്ളതാണ്. റഷ്യയെ സംബന്ധിച്ചുള്ള ഡോക്ടർ സ്കോഫീൽഡിന്റെ ഈ പ്രവചനം ഇപ്പോൾ എത്ര സ്പഷ്ടമായി നിറവേറിയിരിക്കുന്നു എന്നുള്ളതു് ഞങ്ങൾക്കു ബോദ്ധ്യമാണല്ലോ.

യഹൂദാഗൃഹവും ഇസ്രായേൽഗൃഹവുമായുള്ളോരേ! നിങ്ങൾ ജാതികളുടെ ഇടയിൽ ശാപമായിരുന്നതുപോലെ ഞാൻ നിങ്ങളെ രക്ഷിച്ചിട്ട് നിങ്ങൾ അനുഗ്രഹമായിത്തീരും . . . . അങ്ങനെ അനേകജാതികളും ബഹുവംശങ്ങളും യരുശലേമിൽ സൈന്യങ്ങളുടെ യഹോവയെ അന്വേഷിപ്പാനും യഹോവയെ പ്രസാദിപ്പിപ്പാനും വരും. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ആ കാലത്തു ജാതികളുടെ സകലഭാഷകളിലും നിന്നു പത്തുപേർ ഒരു യഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു ദൈവം നിങ്ങളോടുകൂടി ഉണ്ടെന്നു ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോടുകൂടി പോരുന്നു എന്നു പറയും. (സഖറി: 8: 13—23)

ഇങ്ങനെ അവസാനകാലത്തു മനസ്സുതിരിഞ്ഞ ഒരു ലോകത്തെ കാണ്മാൻ കഴിയും. പക്ഷേ, അതു സഭയിലല്ല, സ്വർഗ്ഗരാജ്യത്തിലായിരിക്കും.

തന്റെ ഒന്നാംവരവിങ്കൽ നമ്മുടെ കർത്താവിനെ യഹൂദന്മാർ തിരസ്കരിച്ചതുമുതൽ തന്റെ പുനരാഗമനത്തിൽ സംഭവിക്കുന്ന ഭൂമിയുടെ പരിപൂർണ്ണാനുഗ്രഹം വരെ ഉള്ള കാലത്തിന്റെ ഇടയെ ഒരു വിശിഷ്ടപാലംകൊണ്ട് അന്യോന്യം ഇടക്കുന്നതായി പ്രവൃത്തി: 15-ൽ 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

ദൈവം തന്റെ നാമത്തിനായി ജാതികളിൽനിന്ന് ഒരു ജനത്തെ എടുത്തുകൊൾവാൻ ആദ്യമായിട്ട കടാക്ഷിച്ചതു ശിമോൻ വിവരിച്ചുവല്ലോ. ഇതിനോടു പ്രവാചകന്മാരുടെ വാക്യങ്ങളും ഒക്കുന്നു. "അനന്തരം ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും. അതിന്റെ ശൂന്യശിഷ്ടങ്ങളെ വീണ്ടും പണിതു് അതിനെ നിവിർത്തും" മനുഷ്യരിൽ ശേഷിച്ചുവരും എന്റെ നാമം വിളിച്ചിരിക്കുന്ന സകലജാതികളും കർത്താവിനെ അന്വേഷിക്കും എന്ന് ഇതു പൂർവ്വകാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളിച്ചെയ്തിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ.

സഹസ്രാബ്ദകാലത്തെ ഗവമ്മെന്റിന്റെ രൂപവും പൊതുജനസംഘത്തിന്റെ ക്രമീകരണവും എങ്ങനെ ആയിരിക്കും?

തൽക്കാലത്തെ ഭരണം തിയോക്രസി (Theocracy) അഥവാ ദൈവാധിപത്യമായിരിക്കും. ദൈവം താൻതന്നെ ദാവീദുപുത്രനാകുന്ന യേശുക്രിസ്തു എന്ന പുരുഷനിൽകൂടി ഭൂമിയെ ഭരണം ചെയ്യുന്നതായിരിക്കും.

ഞാൻ ദാവീദിനു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും, അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. (യിരമ്യ: 23: 5.)

മറിയയേ ഭയപ്പെടേണ്ടാ. നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവനു യേശു എന്നു പേർ വിളിക്കണം. അവൻ വലിയവനാകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടു

---

കും. അവൻ യാക്കോബുഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും. (ലൂക്കോ: 1: 30-33.)

സഹസ്രാബ്ദഗവമെന്റിന്റെ രൂപം എന്തായിരിക്കും? എന്നുള്ള ചോദ്യത്തിനു ദൈവാധിപത്യം എന്നുള്ള മറുപടി ഇവിടെ കിട്ടുന്നു.

ഇനിയും രാജ്യത്തിന്റെ തലസ്ഥാനം ഏതായിരിക്കും എന്നുള്ള ചോദ്യത്തിനു മറുപടിയായി യെശയ്യാ 2-ൽ 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ ഞാൻ വായിക്കാം.

ആമോസിന്റെ മകനായ യെശയ്യാവു യഹൂദയെയും യെരുശലേമിനെയുംപററി ദർശിച്ച വചനം.

വാഷിങ്ടൺപട്ടണത്തെയോ, ലണ്ടൻപട്ടണത്തെയോ, പാരീസിനെയോ, വിയന്നയെയോ, ബർലിനെയോ അല്ലാ പിന്നെയോ യൂദയെയും യെരുശലേമിനെയും കുറിച്ചാണ് ഇവിടെ ദർശനം. ഈ വചനത്തിൽ അടങ്ങിയിരിക്കുന്ന അർത്ഥത്തിനെ നാം ശ്രദ്ധിക്കുക.

അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. സകലജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു, വരുവിൻ, നമുക്കു യഹോവയുടെ പർവതത്തിലേക്കും യാക്കോബിൻദൈവത്തിന്റെ ആലയത്തിലേക്കും കയറിച്ചെല്ലാം, അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കുകയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു് ഉപദേശവും യെരുശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ നിന്നു ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധി കല്പിക്കയും ചെയ്യും. അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും. ജാതി ജാതിക്കു നേരെ വാൾ ഓങ്ങുകയില്ല. അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.

അതുകൊണ്ടു യെരുശലേമത്രേ ഗവമെന്റിന്റെ ആസ്ഥാനമായിരിക്കേണ്ടതു്.

ആ കാലത്തെ ജനസമുദായവ്യവസ്ഥിതിയെക്കുറിച്ചു സാക്ഷ്യങ്ങൾ എടുത്തുപറഞ്ഞു നിങ്ങളെ മുഷിപ്പിക്കുന്നില്ല. സഹസ്രാബ്ദകാലത്തു ജാതികളുടെ ഇടയിൽ പ്രഥമസ്ഥാനം വഹിക്കുന്നതു് ഇസ്രായേൽ ആയിരിക്കും എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

അധുനാതനങ്ങളായ ജനസമുദായങ്ങൾ തലയില്ലാത്ത ഉടലാണെന്നുള്ള വാസ്തവം നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഏതെങ്കിലും ഒരു വർഗ്ഗത്തെ ചൂണ്ടിക്കൊണ്ടു് അതു ശിരോവർഗ്ഗം എന്നു പറയാമോ? ഇസ്രായേൽ ജനവർഗ്ഗങ്ങളുടെ ശിരസ്സാകുന്നതുവരെ യാതൊരു ശിരോവർഗ്ഗവും ഇവിടെ ഉണ്ടായിരിപ്പാൻ പാടില്ല. സമ

യം കിട്ടുന്നതായാൽ പ്രവചനങ്ങൾകൊണ്ടുതന്നേ ഇതു ധാരാളം തെളിയിക്കാവുന്നതാണ്.

ഇനിയും സഹസ്രാബ്ദത്തിനിടയ്ക്കു ഭൂമി മുഴുവനുമുള്ള ക്രിസ്തുവിന്റെ ഭരണം അഥവാ ദൈവാധിപത്യം ഫലപ്പെടുന്ന വിധം എന്തെന്നു യശയ്യ 1: 26-ൽ കാണുന്നു.

ഞാൻ നിന്റെ ന്യായാധിപന്മാരെ ആദിയിങ്കൽ എന്നപോലെയും നിന്റെ ആലോചനക്കാരെ ആരംഭത്തിങ്കൽ എന്നപോലെയും ആക്കും. അതിന്റെ ശേഷം നീ നീതിപുരം എന്നും വിശ്വസ്തനഗരമെന്നും വിളിക്കപ്പെടും

അപ്പോസ്തലന്മാരോടു താൻ പറയുന്നതു ശ്രദ്ധിക്കാം.

യേശു അവരോടു പറഞ്ഞത് എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേൽഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു —(മത്താ: 19: 28)

ഇസ്രായേലിൽ ഒരു ജഡ്ജിയുടെ ഉദ്യോഗം നിങ്ങൾ അറിയുന്നതുപോലെയും ഇക്കാലത്തു കാണുന്നതുപോലെയും ജുഡിഷ്യലായുള്ള ഒരു ഉദ്യോഗമായിരുന്നില്ല. പിന്നെയോ, ഒരു ഭരണോദ്യോഗമായിരുന്നു.

സഹസ്രാബ്ദകാലത്തു ജാതികളുടെ മേലുള്ള ഭരണരീതിയെക്കുറിച്ചു ലൂക്ക് 19-ാം അദ്ധ്യായത്തിൽനിന്ന് ഒരു സൂചന നമുക്കു കിട്ടുന്നു. കുലശ്രേഷ്ഠനായ ഒരു പ്രഭു രാജത്വം പ്രാപിച്ചു മടങ്ങിവരേണ്ടതിനായി ദൂരദേശത്തേക്കു പോയി എന്നും രാജ്യം പ്രാപിച്ചുകൊണ്ടു തിരികെ വന്നപ്പോൾ തന്റെ ഭൃത്യന്മാരോടു കണക്കു ചോദിപ്പാൻ തുടങ്ങി എന്നും അവിടെ കാണുന്നു. പത്തു റാത്തലിനോടുകൂടി പത്തു റാത്തൽ കൂടി സമ്പാദിച്ചവനോടു രാജാവു പറയുന്നതു "നന്ന്; ഉത്തമനും വിശ്വസ്തനുമായ ദാസനേ പത്തു പട്ടണങ്ങളുടെ മേൽ അധികാരിയായിരിക്ക." ഈ വാക്യത്തിന്റെ ആശയം നിങ്ങൾക്കു മനസ്സിലാകുന്നുവോ? ഈ അധികാരം എവിടെയാണ് പ്രയോഗിക്കേണ്ടത്? സ്വർഗ്ഗത്തിലോ? സ്വർഗ്ഗത്തിൽ വളരെ പട്ടണങ്ങൾ ഉണ്ടോ? സ്വർഗ്ഗം ഒരേ നഗരമല്ലയോ? ഭൂമിമേലല്ലാതെ ഒരിടത്തും അതു ആയിരിപ്പാൻ പാടില്ല. കൂടാതെ എബ്രായലേഖനത്തിൽ തെളിവായി പറയുന്നു, ഭാവിലോകത്തെ അഥവാ, യുഗത്തെ ദൈവം ദൂതന്മാർക്കല്ലല്ലോ കീഴ്പെടുത്തിയത്. പിന്നെയോ, നമുക്കത്രേ. അതിനാൽ സഹസ്രാബ്ദകാലത്തെ ക്രിസ്തുവിന്റെ ഭരണം ഇസ്രായേലിന്റെ യഥാസ്ഥാപനം വഴിയും തേജസ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയ ശുദ്ധിമാന്മാരുടെ ശുശ്രൂഷവഴിയും ആകുന്നു. സ്വർഗ്ഗഭൂമികൾ ഇക്കാലത്തു യോജിച്ച് ഒരേ ബിന്ദുവിൽ എത്തുന്നു.

V. ആ കാലത്ത് ഈ ഭൂമിയുടെ സ്ഥിതി എന്തായിരിക്കും?

പ്രവാചകന്മാർ സഹസ്രാബ്ദഭൂപടത്തിനു ചായം ഇടുമ്പോൾ തങ്ങളുടെ പെൻസിലുകളെ നാനാവർണ്ണമുള്ള മഴവില്ലിൽ മുക്കുന്നു. അനന്യസദൃശമായ രമ്യതയോടത്രേ അവർ സഹസ്രാബ്ദത്തെ വർണ്ണിച്ചിരിക്കുന്നത്. അവരുടെ കവിതാനദി ശീഘ്രഗതിയായും സർവ്വതോമുഖമായും സാടോപമായും പായുന്നതു നോക്കുക.

യെശയ്യാ 11-ാം അദ്ധ്യായത്തിൽ പറയുന്നത് എന്ത്? "യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള പൊട്ടി പുറപ്പെടും. അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായ്ക്കും. അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നെ. അവന്റെ പ്രമോദം യഹോവാഭക്തിയിലായിരിക്കും. അവൻ കണ്ണുകൊണ്ടു കാണുന്നതുകൊണ്ടു ന്യായപാലനം ചെയ്കയില്ല. ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രന്മാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും—

പ്രിയസ്നേഹിതരേ! ഇക്കാലത്തു ദരിദ്രന്മാർക്കു ന്യായം പാലിച്ചുകിട്ടുകയെന്നുള്ളതു വളരെ പ്രയാസമുള്ള കാര്യമാണ്. അതുപോലെതന്നേ ഒരു കോടീശ്വരന്റെ മേൽ നീതിയുള്ള വിധി നടത്തുന്നതും ഇക്കാലത്തു ദുസ്സാദ്ധ്യം തന്നേ. സാധുക്കൾക്കു ന്യായം നടത്തിക്കിട്ടുന്ന ആ സമയം എത്ര അനുഗ്രഹീതപ്പെട്ടതായിരിക്കും.

—ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധികല്പിക്കയും തന്റെ വായ് എന്ന വടികൊണ്ട് അവൻ ഭൂമിയെ അടിക്കും. തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെ കൊല്ലും."

അതിനാൽ, ഒരുപ്രകാരത്തിൽ അതു ശാന്തതയുടെയും അനുഗ്രഹത്തിന്റെയും സമാധാനത്തിന്റെയും അവസരമായിരിക്കും. എന്നതുപോലെതന്നേ വേറൊരുപ്രകാരത്തിൽ അത് അവിധേയന്മാർക്ക് അഥവാ മത്സരികൾക്കു പെട്ടെന്നുള്ള നാശവുമായിരിക്കും. ദൈവം ദുഷ്ടന്മാരെ സഹിക്കുന്ന കാലത്തത്രേ നാം ജീവിച്ചിരിക്കുന്നത്. ഇത് അവന്റെ സഹിഷ്ണുതയുടെ കാലമാകുന്നു. സഹസ്രാബ്ദമോ പ്രത്യുത, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രാജ്യവും ശക്തിയുമത്രേ. ചെയ്യുന്ന ദുഷ്ടതകൾ എന്തുതന്നെ ആയിരുന്നാലും രാജ്യത്തിൽ ഉടനുടൻ അവയ്ക്കു ശിക്ഷയുണ്ടാകുന്നു.

കൂടാതെ ആ ഭാഗ്യമേറിയ ഭരണത്തിൽ പ്രാണിലോകത്തിന്റെ സ്വഭാവവും മാറിവരേണ്ടതാണ്.

ചെന്നായ് കുഞ്ഞാടിനോടുകൂടി പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടി കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും.

ദുഷ്ടമൃഗങ്ങൾ എന്ന് ഇപ്പോൾ നാം വിളിച്ചുവരുന്നവയ്ക്ക് ഏദെൻതോട്ടത്തിൽവെച്ചു യാതൊരു ക്രൗര്യവുമില്ലായിരുന്നു. മനു

ഷ്യന്റെ വീഴ്ചയോടുകൂടിയാണ് അവയ്ക്കു ക്രൌര്യം വന്നുകൂടിയതു്. മനുഷ്യൻ വീണപ്പോൾ സൃഷ്ടി മുഴുവൻ അതിനോടുകൂടി വീണു. റോമ 8-ാം അദ്ധ്യായത്തിൽനിന്നു നമുക്കു് ഇതു മനസ്സിലാക്കുവാൻ കഴിയും. ദൈവമക്കളുടെ മഹിമയിൽ സ്വാതന്ത്ര്യത്തിലേക്കു നാശത്തിന്റെ അടിമയിൽ സൃഷ്ടി വിടുവിക്കപ്പെടുവാൻ പോകുന്നു എന്നു നാം അവിടെ വായിക്കുന്നു.

പശു കരടിയോടുകൂടി മേയും. അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും. സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. മുല കുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും. മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല.

പ്രിയസ്നേഹിതരേ! ഇതു് ഒരു മനോഹരവർണ്ണനയല്ലയോ?

അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചു വരും. അവന്റെ വിശ്രാമം മഹത്വമുള്ളതായിരിക്കും

സഹസ്രാബ്ദത്തിനിടയ്ക്കുള്ള കാര്യങ്ങളുടെ സ്ഥിതി ഇതു തന്നെ. അനുഗ്രഹത്തിന്റെ ഈ യുഗത്തെക്കുറിച്ചു പ്രവാചകന്മാർ തുടരെത്തുടരെ നാനാതര രമ്യചിത്രങ്ങൾ നമുക്കു വരച്ചുതരുന്നു. നിങ്ങൾ സ്വയമേവ അവ നോക്കി ഗ്രഹിപ്പിൻ. റോമ: 8: 19- മുതൽ 21 വരെയുള്ള വാക്യങ്ങൾ ഞാൻ എടുത്തു വായിക്കട്ടെ

സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പെട്ടിരിക്കുന്നു. മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പെടുത്തിയവന്റെ കല്പന നിമിത്തമത്രെ.

അഹോ! ഭാഗ്യം! ഭാഗ്യം!! വിചിത്രം! വിചിത്രം!! ഉദ്ധരിക്കപ്പെട്ട സൃഷ്ടി, നാശവിമുക്തമായ സൃഷ്ടി എന്നീ വാക്കുകൾ എത്ര മധുരതരം! ഇവ അമൃതധാരപോലെ ചെവികളിൽ വർഷിക്കുന്നു. നമുക്കു് അനുഭവമാകുന്ന എല്ലാ ശക്തികളും മാത്രമല്ല, കഴപ്പമായി കാണാത്തതും ഇന്ദ്രിയങ്ങൾക്കു വിഷയമാകാത്തവയുമായ പ്രകൃതിയുടെ സമസ്തവ്യാപാരവും എങ്ങനെയോ മനുഷ്യവർഗ്ഗത്തിന്റെ ഉപകാരത്തിനായി പ്രവർത്തിക്കുന്നു. അത്യത്ഭുതം തന്നെ.

സഹസ്രാബ്ദയുഗത്തിലെ ആരാധന ഏതുമാതിരി എന്നു നിങ്ങൾ എന്നോടു ചോദിക്കുമായിരിക്കാം. വിശുദ്ധനാട് ഇസ്രായേൽഗോത്രങ്ങൾക്കായി വിഭജിച്ചുകൊടുക്കുമെന്നു മാത്രമല്ല, ഉത്തുംഗവും അതിമഹത്തും ആയ ഒരു ദേവാലയം പണിയപ്പെടുമെന്നുകൂടി സഹസ്രാബ്ദവീരനായ യെഹെസ്കേൽ പറയുന്നുണ്ട്. നമ്മുടെ കർത്താവിന്റെ മരണത്തെ അവന്റെ വരവു വരെയും പ്രസ്താവിക്കുന്ന

തിനു നാം അപ്പം നുറുക്കുകയും വീഞ്ഞു പകരുകയും ചെയ്യുന്നതുപോലെ സ്മാരകബലികളായി കർത്തൃഭോജനസദൃശമായ വഴിപാടുകൾ കഴിക്കപ്പെടും. പരിഹാരബലി ഉണ്ടായിരിക്കുകയില്ല. സ്മാരകബലികൾ അത്രേ നടക്കുന്നതു്.

അക്കാലത്തുള്ള ജാതികളെ സംബന്ധിച്ചു സഖറിയാ ഒരു വിശേഷവിധിയായ സംഗതികൂടി പറയുന്നുണ്ടു്.

എന്നാൽ യരുശലേമിനു നേരെ വന്ന സകല ജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിപ്പാനും കൂടാരപ്പെരുനാൾ ആചരിപ്പാനും ആണ്ടുതോറും വരും,

സഹസ്രാബ്ദകാലത്തു ഭൂമിയുടെ പ്രകാശത്തിനും പരിഷ്കൃതിക്കും ആരാധനയ്ക്കും കേന്ദ്രസ്ഥാനമാകുന്ന ആ തേജോമയപട്ടണത്തിലേക്കു് ആണ്ടുതോറും സകലജനവർഗ്ഗങ്ങളും പുണ്യയാത്രയായി പോകും. സൈന്യങ്ങളുടെ ദൈവമായ രാജാവിനെ നമസ്കരിപ്പാൻ സകലകണ്ണുകളും അവിടേക്കു തിരിക്കപ്പെടും.

ഈ സൌഭാഗ്യയുഗത്തിന്റെ അവസാനമെന്തായിരിക്കും? എന്നു നിങ്ങൾക്കു ചോദിക്കാം. ഗദ്ഗദത്തോടുകൂടിയല്ലാതെ അതിനു മറുപടി പറവാൻ സാധിക്കയില്ല. ആ വ്യസനകരമായ പെയ്‌ജിനെ തുറന്നുവായിക്കുന്നതിനു് ഏതൊരു മനുഷ്യനും ചുളുങ്ങും. എങ്കിലും അതിനെ ഗൂഹനം ചെയ്യാൻ നിവൃത്തിയില്ല. ഏതു പരിശോധനാപഥത്തിൽ കൂടി നയിച്ചാലും പ്രാണമയനായ മനുഷ്യന്റെ കഥ പരാജയത്തിലാണു് പര്യവസാനിക്കുന്നതു്. ന്യായമായ സകല ഇച്ഛകളും സാധിക്കത്തക്കവണ്ണം പറുദീസായായ രമണീയോദ്യാനത്തിൽ വെക്കപ്പെട്ട മനുഷ്യൻ ദൈവദത്തമായ ഏകകല്പനയെ ലംഘിച്ചു തന്റെ ജീവനെ ന്യായവിധിയിൽ അവസാനിപ്പിക്കയും തോട്ടത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. അവന്റെ സന്തതികൾ പിന്നീടു പ്രളയത്തിന്റെ മഹാന്യായവിധികൊണ്ടു ഭൂമുഖത്തുനിന്നു് ഉന്മൂലനം ചെയ്യപ്പെടത്തക്കവണ്ണം അത്രമേൽ ദുഷ്ടരായിത്തീർന്നു.

കൂടാതെ ബാബേലിലെ പേച്ചുപിണക്കിന്റെ ഫലമായി മനുഷ്യവർഗ്ഗത്തെ ഭൂതലം മുഴുവനും ചിതറിച്ചതും ന്യായവിധിയായിരുന്നു. ഒടുവിൽ ദൈവം തന്റെ വാത്സല്യകുമാരനെ ലോകരക്ഷയ്ക്കുവേണ്ടി അയച്ചിട്ടും ലോകം അവനെ കുരിശിക്കയാണുണ്ടായതു്. പ്രസ്തുതയുഗങ്ങളെല്ലാം ഭയങ്കരവിപ്ലവങ്ങളിൽ അവസാനിച്ചതുപോലെതന്നേ വർത്തമാനയുഗത്തിന്റെ പരിണാമവും കലാപകലുഷമായിരിക്കും.

പ്രവാചകന്മാർ ഇതിനെക്കുറിച്ചു നമുക്കു വിശദമായ ചിത്രം വരച്ചുതന്നിട്ടുണ്ടു്. അതു ഭ്രംശത്തിന്റെ അന്തകഥയിൽത്തന്നെയാ

ണ് അവതരിക്കുന്നത്. എന്നുവെച്ചാൽ പാപമനുഷ്യനായ അന്തിക്രിസ്തുവിലേക്കുള്ള അവസാനതിരിച്ചിൽ തന്നെ. സർവ്വഭൂമിയും മൃഗത്തെക്കണ്ടു വിസ്മയിക്കയും തൽഫലമായി ശിക്ഷാവിധി ഈ യുഗത്തിന് ഒരു വിരാമം വരുത്തുകയും ചെയ്യുന്നു. സഹസ്രാബ്ദയുഗത്തിന്റെ അവസാനവും ഈവിധം തന്നെയായിരിക്കും:

ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും—(വെളി: 20: 7, 8)

തടവിൽനിന്ന് അഴിച്ചുവിടപ്പെട്ടു ഉടൻതന്നെ ദൈവസത്യത്തെക്കാൾ തന്റെ വ്യാജത്തെ വിശ്വസിക്കുന്നതിനും തന്നെ അനുസരിക്കുന്നതിനും ഒരു വലിയ സംഘം തയാറായി നിൽക്കുന്നതു സാത്താൻ കാണും. ഭൂമിമേൽ പരിപൂർണ്ണനീതിയുടെയും പരിപൂർണ്ണസമാധാനത്തിന്റെയും പരിപൂർണ്ണാനുഗ്രഹത്തിന്റെയും ഒരു ആയിരംകൊല്ലവാഴ്ച കഴിഞ്ഞതിനുശേഷം യേശുവിനെപ്പോലെ അത്ര ശാന്തനായ ഒരു ഭരണകർത്താവിനു കീഴ്പെടുന്നതിനു മനസ്സില്ലാത്തവിധം ഭയങ്കരമായ നിഗളം മനുഷ്യഹൃദയത്തിൽ പിന്നെയും മറഞ്ഞുകിടക്കും.

അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും. എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും—(വെളി: 20: 9)

ഭൂമിക്കുള്ള ന്യായവിധിയുടെ അന്തം ഇതത്രേ.

അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു. അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല.

കർത്താവു വരുമ്പോൾ ജീവനോടിരിക്കുന്നവർക്കുള്ള ന്യായവിധിയല്ല താഴെ കാണുന്നത്. അതു ഭൂമിയിലും, ഇതു വിതാന (Space) ത്തിലുമാണ് നടക്കുന്നത്. കാരണം ആകാശഭൂമികൾ ഓടിപ്പോയതായി നാം ഇവിടെ കാണുന്നു.

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻമുമ്പിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കൊത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കു തക്ക വിധിയുണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം.

അനന്തരം സംഭവിക്കുന്നത് എന്ത്?

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആ
ശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല.—(വെ
21: 1)

ഇങ്ങനെ ദീർഘവും അത്ഭുതകരവും ദുഃഖപര്യവസായിയുമാ
ഭൂലോകനാടകം അവസാനിച്ച നിത്യത ഇതാ ആരംഭിക്കുന